കവിത

# വിശുദ്ധ ഗീവർഗീസ് സഹദായുടെ ജീവിതം

ബിജോയ് ശാമുവേൽ അബുദാബി



ബാല്യത്തിൽ തന്നെ മതതൽപരനായി
ദൈവവിശ്വാസിയും ഭക്തനുമായി
ബാല്യത്തിൽ തന്നെ പിതാവ് യാത്രയായി
ബാക്കി ജീവിതം അമ്മ തൻ കരങ്ങളിൽ
വിശിഷ്ടസ്വഭാവത്തിൽ തൃപ്തനായി
റോമൻ പടയാളിയായി ഗീവർഗീസ്
ഉന്നതസ്ഥാനമാനങ്ങൾ തേടിയെത്തി
സർവ്വസൈന്യാധിപനായി ദേശത്തിൽ
ക്രിസ്ത്യാനികൾക്കെതിരായ നീക്കത്തിൽ
അതീവദുഃഖിതനായി ഗീവർഗീസ്
ഉദ്യോഗം ഉപേക്ഷിച്ച് യേശുവിനായി ജീവിച്ചു
അരുമനാഥനെ ഗമിക്കാൻ ഉള്ളം തുടിച്ചു
പാൽ വർണ്ണനിറമുള്ള കുതിരയും - വാളും കുന്തവും
ഗീവർഗീസിന് തന്നെ നൽകി വിരമിക്കൽയാത്രയിൽ

ക്രിസ്തുവിന്റെ യഥാർത്ഥ പടയാളിയായി മാറി
രാജ്യരാജ്യങ്ങളിൽ ക്രിസ്തുവിനെ പരിചയപ്പെടുത്തി
അതീവദുഃഖിതയായ രാജ്ഞകുമാരിയെ കണ്ടതും
അത്ഭുതകരമായ സർപ്പത്തിന്റെ കഥ കേട്ടതും
സ്വർഗ്ഗത്തിലേക്കു നോക്കി കുരിശുവരച്ചു
ശക്തി തരണമെയെന്ന് ഗീവർഗീസ് യാചിച്ചു
കുതിരപ്പുറത്തു കയറി, കുന്തം എടുത്തു
ഉഗ്രജന്തുവിന്റെ അരികിൽ എത്തിയിട്ട്
സർപ്പം അലറി ആക്രോശിച്ചു നീങ്ങി
കുതിരയുടെ വാലിൽ ചുററി കടിക്കാൻ തുടങ്ങി
സഹദാ കുന്തത്താൽ കണ്ഠത്തിൽ കുത്തി
സർപ്പത്തിൻ വായ് പിളർന്നു, മലർന്നു വീണു
സർപ്പം ചത്തു, രാജകുമാരി മന്ദഹസിച്ചു
കൊട്ടാരത്തിൽ വിളിച്ചുവരുത്തി സഹദായെ
വിരുന്നൊരുക്കി ബഹുമാനിച്ചു നൽകി

സമ്മാനങ്ങൾ – അനന്തരവകാശിയായിടാൻ
വിവാഹം ചെയ്തീടേണം കുമാരിയെ – രാജാവിൻ ഇഷ്ടത്തെ
തെല്ലുനേരം മൗനത്തിനുശേഷം സകലവും
നിരസിച്ചിട്ടാ സഹദാ വിനീതനായി യേശുവിനെ
ശക്തിയ്ക്കു കാരണമെന്നും – ജീവിക്കുന്നത്
ജീവനുള്ള യേശുവിനെ സേവിക്കാനുമാണ്.
രാജാവും കുടുംബവും യേശുവിൽ ചേർന്നു
ഒരിക്കൽ ചക്രവർത്തിയുടെ കുലദൈവങ്ങളെ ആരാധിക്കാനും
പൂജ അർപ്പിക്കാനും മനസ്സില്ലാത്ത സഹദാ
വ്യതിചലിക്കാത്തതിനാൽ കടുത്ത ശിക്ഷയ്ക്കു വിധിച്ചു
ഇഞ്ചിഞ്ചായി കൊല്ലുന്നതിനായി
തുറുങ്കിലടയ്ക്കുവാൻ കല്പനയായി

മർദ്ദനമുറകൾ ആരംഭിച്ചു
അടി തുടങ്ങിയെങ്കിലും ഭയമില്ലാത്ത സഹദാ
ജ്വലിക്കുന്ന കണ്ണും തിളങ്ങുന്ന തേജസ്സുള്ള മുഖവും
ദർശിച്ചിട്ടാ ഭടന്മാർ അമ്പരന്നു
വെട്ടി കഷണങ്ങളാക്കി വറക്കുന്നതിനും
ചൂടുവെള്ളത്തിൽ മുക്കുന്നതിനും
നാക്കു മുറിക്കുന്നതിനും പല്ലുകൾ പറിക്കുന്നതിനും
പച്ചമാംസം ചീകി എടുക്കാനുള്ള ഇരുമ്പു ചീപ്പുകളും
ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ ഹേതുവായില്ല
ശരീരത്തെ ഇല്ലാതാക്കാൻ കഴിയുമെന്നും
ആത്മാവിനെ ഒന്നും ചെയ്യാൻ സാധിക്കില്ലായെന്നും
ആരാഞ്ഞിടുന്നു ഗീവർഗീസ് വിശ്വാസവീര്യത്താൽ
ചുട്ടു പഴുപ്പിച്ച ഇരുമ്പാണികൾ കാൽവെള്ളയിലടിച്ചു കയററി
കൂർത്ത ആണികൾ പതിച്ച ഇരുമ്പു ചെരുപ്പുകളണിയിച്ചു – സഹദാ
നിരാശയിലെത്തുമെന്നു ചിന്തിച്ചവർ നിരാശരായി
കാലിന്റെ വേദന ഒപ്പിയെടുക്കുവാൻ എത്തിയിടുന്നു
ആദൃശ്യരായ മാലാഖമാർ സ്വർഗ്ഗത്തിൽ നിന്നും
ചാട്ടവാറു ചുഴററി ആഞ്ഞടിച്ചു, ദേഹത്തുനിന്നും
നിണം ചൊരിഞ്ഞു ധാരധാരയായി

ആ സമയം ആനന്ദിച്ചു ദൈവത്തെ സ്തുതിച്ചു
അരുമനാഥനു ലഭിച്ച അടിയുടെ വേദനയിൽ
പങ്കാളിയായ പരമാനന്ദം – പ്രമോദം
പച്ചമാംസം ചീകുന്ന ഇരുമ്പുചക്രത്തിൽ
ശരീരം മുട്ടി ഉരുമ്മി ചീകിത്തുടങ്ങി
കമഴ്ത്തികിടത്തി അറപ്പുവാളിന്റെ പല്ലുകളുള്ള
വണ്ടി കയററി പത്തു തുണ്ടമാക്കി അറത്തു മുറിച്ചു
അഗാധമായ കുഴിയിൽ എറിയപ്പെട്ടു
കുഴിയുടെ വാതിൽ കല്ലുവെച്ചു അടച്ചു – ഭൂകമ്പവും
ഇടിമിന്നലും കൊടുംങ്കാററുമുണ്ടായി
അന്ധകാരം വ്യാപിച്ചു – മാലാഖമാർ എത്തി
ശരീരഭാഗങ്ങൾ വീണ്ടും ചേർത്തുവെച്ചു ജീവൻ
ഉള്ളവനായി തീർന്നു – മൂക്കിൽ ജീവശ്വാസം ഊതി
സഹദാ രാജകൊട്ടരത്തിലെത്തി അത്ഭുതമായി

വീണ്ടും ദേഹമാസകലം പൊട്ടുന്നതുവരെ അടിച്ചു
അഗ്നികുണ്ഡത്തിൽ എറിയപ്പെട്ടു.
മൂന്നുദിനം മരിക്കാതെ അവിടെ നിന്നും
പുറത്തുവന്നു തലമുടിനാരിനുപോലും കേടില്ലാതെ
വറച്ചട്ടിയിലിട്ടു വറക്കുവാൻ ആജ്ഞാപിച്ചു
എന്നിട്ടും ജീവിച്ചെഴുന്നേററു സഹദാ
സ്വർഗ്ഗത്തിലേക്കു നോക്കി കുരിശുവരച്ചു
പ്രത്യാശയോടെ മരണം ആസ്വദിക്കുവാൻ
കഴുത്തുനീട്ടികൊടുത്തു – വാളാൽ വെട്ടേററു
സഹദാ മരണത്തെ സ്വീകരിച്ചു
ആത്മാവു തന്നിൽ നിന്നും എടുക്കപ്പെട്ടു
സ്വർഗ്ഗീയഗണങ്ങൾ സാക്ഷികളായി അകമ്പടി സേവിച്ചു.
അപേക്ഷിക്കണമെ സഹദായെ
അടിയങ്ങളുടെ ക്ഷേമത്തിനായി
അണയുന്നു നിൻ സവിധത്തിലെന്നും....